DESPATCHED
On.8.2.22..

3/2/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1825(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 15878/SIC-G4/2021)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഫെബ്രുവരി 3**

ശ്രീ. ജോയ് സി.ഒ.
S/o ഔസേഫ് സി.എം.,
ചിറമ്മൽ വീട്,
നമ്പഴിക്കാട് പി.ഒ.,
മറ്റം – 680 602.
— അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജൂനിയർ സൂപ്രണ്ട് (ജി), താലൂക്ക് ഓഫീസ്, കുന്ദംകുളം.
2) അപ്പീൽ അധികാരി & തഹസിൽദാർ, താലൂക്ക് ഓഫീസ്, കുന്ദംകുളം.
— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 21/01/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 20/02/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 16/03/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 10/08/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 01/12/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 03/12/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 09/12/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 27/12/2021 |
| ഹിയറിംഗ് നടന്ന തീയതി | **01/02/2022 –വീഡിയോ/ആഡിയോ ഹിയറിംഗ്** |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | **ഹാജരായി**<br>**ഹാജരായി** |

## ഉത്തരവ്

ശ്രീ. ജോയ് സി.ഒ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ 21.1.2021–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് നിശ്ചിതസമയപരിധി കഴിഞ്ഞാണ് പകർപ്പ് ഫീസ് അടവാക്കുവാനുള്ള അറിയിപ്പ് നൽകിയതെന്നും ആയതിനെതിരെ ഒന്നാം അപ്പീൽ സമർപ്പിച്ചു എന്നും ആയതിന് സമയപരിധി കഴിഞ്ഞ് ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ അപ്പീൽ

അപേക്ഷ പരിഗണിച്ച് ആവശ്യപ്പെട്ട വിവരം ലഭ്യമാക്കണമെന്നും ടിയാന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി വിവരം നൽകാത്ത എതിർകക്ഷികൾക്കെതിരെ വിവരാവകാശ നിയമപ്രകാരമുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 21.01.2021–ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

1) തൃശ്ശൂർ കളക്ടർക്ക് കൊടുത്ത പരാതി നമ്പർ: DCTSR/6054/19/B1 (ശ്രീ. കിരൺ, ഡെപ്യൂട്ടി കളക്ടർ) എന്ന പരാതിയുടെ അന്വേഷണ റിപ്പോർട്ടും തീരുമാനവും നൽകണമെന്നും
2) ഭൂരേഖ തഹസിൽദാർക്ക് കൊടുത്ത പരാതിയുടെ അന്വേഷണ റിപ്പോർട്ടും, തീരുമാനവും (പരാതി നം. ഇ.സി.901/19, തീയതി 30.7.2019) നൽകണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 20.02.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ആവശ്യപ്പെട്ട ചോദ്യങ്ങൾക്കുള്ള മറുപടിയുടെ പകർപ്പ് 4 പേജുള്ളതാണെന്നും ആയതിന് 8/– രൂപ ഫീസ് അടച്ച് രസീത് ഹാജരാക്കുന്ന മുറയ്ക്ക് പകർപ്പ് അനുവദിക്കുന്നതാണെന്നുമാണ്. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ 1456/2014 ആധാരത്തിലെ ഇഷ്ടദാനക്കാരൻ ശ്രീ.പ്ലാക്കിൽ കൊച്ചുമോൻ മകൻ ശ്രീ.മുകുന്ദൻ 2070/2000 നമ്പർ മുൻ ആധാരം 1.10.2020–ൽ 975/2020 നമ്പർ ആധാരപ്രകാരം തെറ്റ് തിരുത്തിയിട്ടുള്ളതും, അതുപ്രകാരം 1456/2014 ആധാരം തിരുത്തിയിട്ടില്ലാത്തതും, പ്രസ്തുത ആധാരത്തിലെ പ്ലാക്കിൽ ശ്രീ.മുകുന്ദൻ ഭാര്യ ശ്രീമതി ബിന്ദുവിന്റെ പേരിലുള്ള സ്ഥലം 418/1997 ആധാരപ്രകാരമുള്ള വള്ളിയമ്മുവിന്റെതാണെന്നും, ടി ഭൂമിയിലുള്ള വീട് വള്ളിയമ്മുവിന്റെ പേരിലാക്കിയിട്ടുണ്ടെന്നും പരാമർശിച്ചിട്ടുള്ളതാണെന്നും ഹർജിക്കാരനെയും എസ്.പി.ഐ.ഒ. & വില്ലേജ് ഓഫീസർ കണ്ടാണശ്ശേരിയേയും ടി കാര്യാലയത്തിൽ വെച്ച് നേരിൽ കേൾക്കുന്നതിന് അനുവദിക്കുകയും ചെയ്തു എന്നും ആയതിന്റെ അടിസ്ഥാനത്തിൽ പരാതിക്കാസ്പദമായ 1456/2014 നമ്പർ ആധാരം റദ്ദ് ചെയ്യാൻ കോടതിയ്ക്കു മാത്രമെ അധികാരമുള്ളു എന്ന നിർദ്ദേശം നൽകികൊണ്ട് അപ്പീൽ തീർപ്പാക്കുകയാണ് ചെയ്തിട്ടുള്ളതെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. ജോയ് സി.ഒ. വിവരാവകാശ ഓഫീസർ മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാലാണ് ഒന്നാം അപ്പീൽ സമർപ്പിച്ചതെന്നും ആയതുപ്രകാരം അപേക്ഷകൻ നേരിൽ കേൾക്കുന്നതിന്

ഹാജരായി മൊഴി രേഖപ്പെടുത്തിയിരുന്നതാണെന്നും എന്നാൽ കണ്ടാണിശ്ശേരി വില്ലേജ് ഓഫീസറെ കൂടി കേൾക്കേണ്ടതായതിനാൽ വീണ്ടും 14.7.2021–ന് വിചാരണ നടത്തി അപേക്ഷകന്റെ മൊഴി വിശദമായി രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും ശ്രീമതി വള്ളിയമ്മു മകൻ ശ്രീ.മുകുന്ദൻ എന്നയാൾക്ക് നൽകിയ ആധാരത്തിലെ നാലതിരുകളിലൊന്ന് തെറ്റായി രേഖപ്പെടുത്തിയിരുന്നത് അതേ തെറ്റോട് കൂടി ടിയാന്റെ ഭാര്യ ശ്രീമതി ബിന്ദുവിന് നൽകിയ ആധാരത്തിലും ആവർത്തിച്ചതിനാലും പിന്നീട് ശ്രീ. മുകുന്ദന് ലഭിച്ച ആധാരം മാത്രം തെറ്റു തിരുത്തലാധാരം വഴി ശരിയാക്കിയതിനാലും വീണ്ടും ശ്രീമതി ബിന്ദുവിന്റെ ആധാരം കൂടി ശരിയാക്കേണ്ടതായ സാഹചര്യത്തിൽ അപ്രകാരം ചെയ്യിക്കാതെ ശ്രീമതി ബിന്ദുവിന് തണ്ടപേർ നിലനിർത്തി നികുതി അടച്ചു നൽകുന്നതാണ് ഹർജിക്കാരന്റെ പരാതിക്ക് അടിസ്ഥാനമായി പറയുന്നതെന്നും ശ്രീമതി ബിന്ദുവിന്റെ ആധാരം റദ്ദ് ചെയ്യേണ്ടതാണെന്നാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നതെന്നും എന്നാൽ ആധാരം റദ്ദ് ചെയ്യുന്നതിന് കോടതിക്ക് മാത്രമെ അധികാരമുള്ളു എന്നറിയിച്ച് അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നും കുന്ദംകുളം താലൂക്ക് ഓഫീസിൽ ടി സമയത്ത് കോവിഡ് അനുബന്ധ ജോലികൾക്ക് പ്രാധാന്യം നൽകേണ്ടി വന്നതിനാലും ജീവനക്കാർക്ക് കോവിഡ് ബാധിച്ചതിനാലും മേൽ വിഷയത്തിൽ സെക്ഷനുകളിൽ ആവശ്യത്തിന് ജീവനക്കാർ താലൂക്കിലും വില്ലേജിലും ഇല്ലാതെ വന്നതിനാലും പലപ്പോഴും പല സീറ്റുകളുടെ ചാർജ്ജിലുള്ളവർ മാറി മാറി പല ജോലികൾ ചെയ്യേണ്ടി വന്നതിനാലും വിവരാവകാശ അപേക്ഷകളിൽ സമയക്രമം പാലിക്കുന്നതിന് പലപ്പോഴും വിഘാതമായിട്ടുള്ളതാണെന്നും അപേക്ഷകൻ ആവശ്യപ്പെട്ടതായ വിവരങ്ങൾ സമയബന്ധിതമായി നൽകുന്നതിന് സാധിക്കാതെ വന്നതിനാൽ തുടർന്ന് സൗജന്യമായി നൽകുന്നതിന് നടപടി എടുത്തിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ഉന്നയിക്കാത്ത ആവശ്യങ്ങൾ ഒന്നാം അപ്പീലിൽ ഉന്നയിച്ചതായി കാണുന്നു. ആയത് നിയമപരമല്ല എന്ന കാര്യം ഹർജിക്കാരനെ കമ്മീഷൻ ഓർമ്മപ്പെടുത്തുന്നു.

6. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ ഏറ്റവും ലളിതമായ നടപടിക്രമം സ്വീകരിച്ച് പരമാവധി വേഗത്തിൽ പ്രോസസ് ചെയ്യേണ്ടതാണെന്നിരിക്കെ 21.01.2021–ന് ലഭിച്ച അപേക്ഷയിന്മേൽ പകർപ്പ് ഫീ ഒടുക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഒന്നാം എതിർകക്ഷി കത്തയച്ചിരിക്കുന്നത് 20.2.2021–നാണെന്നും ടി അറിയിപ്പ് ഹർജിക്കാരന് ലഭിച്ചിട്ടുള്ളത് 25.2.2021–നാണെന്നും കാണുന്നു. സമയബന്ധിതമായി വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകാത്തത്

വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ടി വീഴ്ചയ്ക്ക് കാരണക്കാരനായ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പ് പ്രകാരം ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ആയതിനാൽ ടി എസ്.പി.ഐ.ഒ.യ്ക്ക് മേൽ വീഴ്ച കാണിച്ച് കാരണം കാണിക്കൽ നോട്ടീസ് കമ്മീഷൻ സെക്രട്ടറി നൽകേണ്ടതാണ്.

7. വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ നിശ്ചിത കാലയളവിനുള്ളിൽ നൽകിയാൽ മാത്രമേ, അപേക്ഷകരിൽ നിന്നും പകർപ്പ് ഫീസ് ഈടാക്കാൻ വ്യവസ്ഥയുള്ളു. നിശ്ചിത കാലയളവിൽ പകർപ്പ് നൽകാനുള്ള അറിയിപ്പ് നൽകുന്നില്ലായെങ്കിൽ അപേക്ഷകന് പകർപ്പുകൾ സൗജന്യമായി ലഭിക്കാൻ അർഹതയുണ്ട്. ഇക്കാര്യത്തിൽ ഹർജിക്കാരന്റെ 21.01.2021–ലെ അപേക്ഷയിൻമേൽ പകർപ്പ് ഫീ ഒടുക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഒന്നാം എതിർകക്ഷി കത്തയച്ചത് 20.2.2021–നാണ്. ആയതിനാൽ ടി രേഖകളുടെ പകർപ്പുകൾ സൗജന്യമായി 15.2.2022–നകം ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

8. ഹർജിക്കാരൻ 16.03.2021 ന് നൽകിയ ഒന്നാം അപ്പീൽ അപേക്ഷ 10.08.2021 നാണ് രണ്ടാം എതിർകക്ഷി തീർപ്പാക്കിയതായി കാണുന്നത്. വിവരാവകാശ നിയമ പ്രകാരം സമയബന്ധിതമായി അപ്പീൽ തീർപ്പാക്കാത്തത് വിവരാവകാശ നിയമം 19(6)വകുപ്പിന്റെ ലംഘനമാണെന്നതിനാൽ ടി വീഴ്ചയ്ക്ക് കാരണക്കാരനായ രണ്ടാം എതിർകക്ഷി ഇക്കാര്യത്തിലുള്ള ടിയാന്റെ വിശദീകരണം 15.02.2022 നകം കമ്മീഷനിൽ ഹാജരാക്കേണ്ടതാണ്.

9. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 3–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us